ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന അറ്റോമിക് മിനറൽ ഡിവിഷൻ നടത്തിയ പഠനത്തിൽ കേരള കടൽത്തീരത്ത് 1675-79 ദശലക്ഷം ടൺ ധാതുമണൽ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) വർഷത്തിൽ ശരാശരി 3 ലക്ഷം ടൺ ധാതുമണൽ ഖനനം ചെയ്തെടുക്കപ്പെടുന്നുണ്ട്. ഇത് മൊത്തം നിക്ഷേപത്തിന്റെ ഉദ്ദേശം 0.5 ശതമാനം വരും.

(സി) വേലിയേറ്റത്തിനും വേലിയിറക്കത്തിനും ഇടയിലുള്ള സ്ഥലങ്ങളിലും, കടൽ തിരയ്ക്ക് പ്രാപ്യമായ സ്ഥലങ്ങളിലും, പ്രകൃത്യാ സീസണലായി കടൽതന്നെ ധാതുമണൽ നിക്ഷേപിക്കാറുണ്ട്.

(ഡി) ഇപ്പോഴത്തെ ഖനനനിരക്കനുസരിച്ച് നാനൂറിൽപ്പരം വർഷം ഖനനം ചെയ്യാനുള്ള ധാതുമണൽ നിക്ഷേപം ഉണ്ടെന്നു കണക്കാക്കുന്നു.

കൈത്തറി വ്യവസായം വികസിപ്പിക്കാൻ നടപടി

129 (1209) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ കൈത്തറിത്തുണികൾ വിദേശത്തേയ്ക്കു കയറ്റി അയയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ബി) ഉണ്ട്. വിദേശ വിപണി ലക്ഷ്യമാക്കി പുതിയ കൈത്തറി ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് സഹായകമായ ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം ഉദ്ദേശം നാല്പത് ഹാന്റ്ലൂം ക്ലസ്റ്ററുകളിൽ 2003 ജൂൺ മുതൽ നടപ്പാക്കിതുടങ്ങുന്നു. പൂർണ്ണമായും വിദേശ വിപണി ലക്ഷ്യമാക്കിയുള്ള കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളിൽ നടപ്പുവർഷം മുതൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. കണ്ണൂരിലെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിദേശ വിപണി വിപുലീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട കേന്ദ്ര സർക്കാരിന്റെ 20 കോടി രൂപയുടെ ധനസഹായത്തോടെ ടെക്സ്റ്റയിൽ സെന്റർ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ കയറ്റി അയക്കുന്ന സഹകരണ സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും വില്പനയുടെ 20 ശതമാനം തുക എക്സ്പോർട്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ എസ്.ജി.എസ്.വൈ. പ്രകാരമുള്ള ഒരു പ്രോജക്ടിനും, നാച്വറൽ ഡൈയിംഗ് വികസിപ്പിക്കുന്നതിനുമുള്ള പ്രോജക്ടും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

സഹകരണ മേഖലയിലെ പവർലൂമുകളുടെ നവീകരണം

130 (1213) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും അടഞ്ഞുകിടക്കുന്നതുമായ പവർലൂമുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും അവയുടെ പുനരുദ്ധാരണത്തിനും ആവശ്യമായ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ടെക്സ്ഫെഡ് വഴി ധനസഹായങ്ങളോ ഗ്രാന്റോ നല്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) പവർലൂമുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പൊതുവിപണി കണ്ടെത്തുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇൻഡസ്ട്രിയൽ പവർലൂമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിലുള്ള പവർലൂം യൂണിറ്റുകൾക്ക് 1:4 എന്ന അനുപാതത്തിൽ പ്രവർത്തന മൂലധനത്തിനായി ഓഹരി വിഹിതം അനുവദിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) ടെക്സ്ഫെഡ് പവർലൂം സംഘങ്ങൾക്ക് ധനസഹായങ്ങൾ നേരിട്ട് നൽകുന്നില്ല. എന്നാൽ പവർലൂമുകൾക്ക് വേണ്ടി ഒരു കേന്ദ്രീകൃത വിപണന സമ്പ്രദായം ടെക്സ്ഫെഡിൽ ആരംഭിച്ചിട്ടുണ്ട്.

(സി) പവർലൂമുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് പൊതുവിപണി കണ്ടെത്താനുള്ള സഹായങ്ങൾ ടെക്സ്ഫെഡ് ആവിഷ്ക്കരിച്ച വിപണന സമ്പ്രദായംമൂലം ലഭ്യമാക്കിവരുന്നു.

(ഡി) പവർലൂം യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇപ്പോൾ നൽകിവരുന്ന പദ്ധതികൾ പ്രയോജനപ്പെടുത്തി ടെക്സ്ഫെഡിന്റെ സാങ്കേതിക സഹായത്തോടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സംഘങ്ങൾ ശ്രമിക്കേണ്ടതാണ്.

(1219-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly